
അക്കാദമിക മാസ്റ്റർപ്ലാൻ
കതിർ
2K 25
G.U.P.S KANATHUR
Meta AI

# താളുകളിലൂടെ

1.ആമുഖം

2.ലക്ഷ്യങ്ങൾ

3.മികവിന്റെ കേന്ദ്രം- മാറിയ കാഴ്ചപ്പാട്

4.വിദ്യാലയത്തിന്റെ ലഘു ചരിത്രം

5.പദ്ധതി രൂപീകരണ പ്രക്രിയ- ഘട്ടങ്ങൾ

6.മോണിറ്ററിംഗ്

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി കണ്ടുകൊണ്ട് വിദ്യാലയത്തിലെ ഓരോ കുട്ടിക്കും സർവ്വ പഠന നേട്ടങ്ങളും ഉറപ്പാക്കുന്നതിന് മികവിന്റെ കേന്ദ്രമായി വിദ്യാലയത്തെ വാർത്തെടുക്കുന്നതിന് ലക്ഷ്യം വെച്ചുകൊണ്ട് ആരംഭിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയകരമായി മുന്നോട്ടുപോവുകയാണ്. സമഗ്ര ഗുണമേന്മവിദ്യാഭ്യാസമാണ് ലക്ഷ്യംവയ്ക്കുന്നത്. പ്രവർത്തനാധിഷ്ഠിതവും ശിശു കേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ് മുറികളിൽ നടക്കേണ്ടത് എന്ന വിദ്യാഭ്യാസ അവകാശനിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണയിച്ചിരിക്കുന്നത്.

# ലക്ഷ്യങ്ങൾ

1.ഗ്രാമീണാന്തരീക്ഷവും തനിമയും നിലനിർത്തിക്കൊണ്ട് ഏറ്റവും മികച്ച വിദ്യാലയന്തരീക്ഷം ഒരുക്കുക

2.വിദ്യാലയത്തിൽ എത്തുന്ന മുഴുവൻ കുട്ടികളുടെയും ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പാക്കുക

3.അധ്യാപനവും അധ്യയനവും രസകരവും എളുപ്പവും ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

4.എല്ലാ കുട്ടികൾക്കും സർവ്വ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കുക

5.ഉന്നത നിലവാരത്തിലുള്ള അദ്ധ്യയനം ഉറപ്പാക്കുക.

6.പഠനത്തിൽ പിന്നോക്കക്കാരെ കണ്ടെത്തി ആവശ്യമായ സഹായം ലഭ്യമാക്കൽ

7.ലൈബ്രറികൾ ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കൽ.

8.ഐസിടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കൽ

9.ഓരോ കുട്ടിയും ഓരോ യൂണിറ്റ്- പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

10.കായിക പരിശീലനത്തിന് ആവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുക

# മാറിയ കാഴ്ചപ്പാട്

കോവിഡ്കാലം-കുട്ടികളുടെ മാനസിക വളർച്ചയെ ഒരുപാട് സ്വാധീനിച്ചു. അവ സ്കൂൾ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള മാറ്റങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസ തലത്തെതന്നെ മാറ്റിമറിച്ചു എന്ന് പറയാം.

ഡിജിറ്റൽ വിഭവങ്ങളുടെ ഉപയോഗം കുട്ടികളുടെ ഏകാഗ്രത, മാനസിക ആരോഗ്യം, ക്ഷമ, സ്നേഹം, ആകാംക്ഷ, സഹിഷ്ണുത തുടങ്ങിയ മാനുഷിക മൂല്യങ്ങളെ തന്നെ ഇല്ലാതാക്കി. മാറ്റങ്ങൾ ഉൾക്കൊണ്ട് മാനുഷിക മൂല്യങ്ങളെ തിരിച്ചുപിടിക്കാനുള്ള ശ്രമമാണ് ഞങ്ങൾ ലക്ഷ്യം വെക്കുന്നത്. കോവിഡാനന്തരം ഒരു സമൂഹം മുഴുവൻ ഡിജിറ്റൽ മാധ്യമങ്ങളുടെ പിടിയിൽ അമർന്ന സാഹചര്യത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ ഡിജിറ്റലൈസേഷൻ വഴി പൊതുജനശ്രദ്ധയിൽ കൊണ്ടുവരാൻ സാധിച്ചു. ഡിജിറ്റൽ പോസ്റ്ററുകൾ, വീഡിയോ റീല്സുകൾ, whatsapp ഗ്രൂപ്പുകൾ എന്നിവയിലൂടെ രക്ഷിതാക്കളുടെയും കുട്ടികളുടെയും ശ്രദ്ധ ക്ഷണിക്കാൻ കഴിഞ്ഞു. സാങ്കേതികവിദ്യയുടെ നല്ല തലങ്ങൾ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി കുട്ടികളും രക്ഷിതാക്കളും അധ്യാപകരും ചേർന്ന ഒരു കൂട്ടായ്മ അതിലൂടെ നമുക്ക് സൃഷ്ടിക്കാം.

# വിദ്യാലയ ചരിത്രം




കാസർകോട് ജില്ലയിലെ മുളിയാർ പഞ്ചായത്തിൽ പ്രകൃതിരമണീയമായ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മഹത്തായ പാരമ്പര്യമുള്ള വിദ്യാലയമാണ് കാനത്തൂർ ഗവൺമെൻറ് യു.പി സ്കൂൾ. 1928 ൽ കാനത്തൂർ നാൽവർ ദൈവസ്ഥാനത്തിന്റെ സമീപത്ത് കുടിപള്ളിക്കൂടമായി ആരംഭിച്ച ഈ സ്കൂൾ വിവിധ കെട്ടിടങ്ങളിൽ മാറിമാറി പ്രവർത്തിച്ചു. 1965 വരെ കാവുങ്കാലിൽ പ്രവർത്തിച്ച ഈ പള്ളിക്കൂടം തുടർന്ന് കെ പി കുഞ്ഞമ്പു നായർ കൊട്ടാരക്കര എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മാനേജ്മെൻറ് സ്കൂൾ ആയി മാറി. 1967 ൽ അദ്ദേഹം ഈ സ്കൂൾ സർക്കാരിന് വിട്ടു നൽകുകയും മേലത്ത് നാരായണൻ നമ്പ്യാരുടെയും മറ്റും ശ്രമഫലമായി 1968- 69 കാലയളവിൽ പുതിയ കെട്ടിടത്തിലേക്ക്

മാറുകയും ചെയ്തു. ആദ്യകാലത്ത് ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെയുള്ള എൽ പി സ്കൂളായാണ് ഈ വിദ്യാലയം പ്രവർത്തിച്ചിരുന്നത്. 1991 ൽ ഇത് യുപി സ്കൂൾ ആയി ഉയർത്തി. മേലത്ത് നാരായണൻ നമ്പ്യാരുടെയും നാട്ടുകാരുടെയും കഠിനപ്രയത്നത്തിന്റെ ഫലമായാണ് ഈ വിദ്യാലയം യാഥാർത്ഥ്യമായത് എന്ന കാര്യം ഇവിടെ എടുത്തു പറയേണ്ടതുണ്ട്.

യു പി സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന് മുൻപ് ശ്രീ കെ പി ഭാസ്കരൻ മാസ്റ്ററായിരുന്നു ഈ സ്കൂളിന്റെ ഭരണസാരഥ്യം വഹിച്ചിരുന്നത്. തുടർന്നും നല്ലവരായ ധാരാളം പ്രധാന അധ്യാപകർ ഇവിടെ സേവനമനുഷ്ഠിച്ചു. ഇക്കാലങ്ങളിൽ സ്കൂളിന്റെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാൻ മാറിമാറി സേവനങ്ങൾ കാഴ്ചവെച്ച മികച്ച പിടിഎ കമ്മിറ്റികൾ ഉണ്ടായിരുന്നു. പഠനരംഗത്തും പാഠ്യേതര രംഗത്തും കലാസാംസ്കാരിക പ്രവർത്തനങ്ങളിലും മികച്ച നിലവാരം പുലർത്തുന്ന കാനത്തൂർ ഗവൺമെൻറ് യുപി സ്കൂളിൽ ഇപ്പോൾ 206 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. നിലവിൽ ഒന്നുമുതൽ നാല് വരെ ക്ലാസുകളിൽ ഓരോ ഡിവിഷനും അഞ്ച് മുതൽ ഏഴ് വരെയുള്ള ക്ലാസുകളിൽ രണ്ട് ഡിവിഷനുകളും പ്രവർത്തിക്കുന്നുണ്ട്.

ഈ ക്ലാസുകൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ കെട്ടിട സൗകര്യം നിലവിലുണ്ട്. എൽ പി വിഭാഗത്തിൽ 4 സ്ഥിരം അധ്യാപകരും യു പി വിഭാഗത്തിൽ 6 സ്ഥിരം അധ്യാപകരും പ്രധാനഅധ്യാപകനുമാണ് ഇവിടെ ഉള്ളത്. ഒരു ഫുൾടൈം ഹിന്ദി ടീച്ചറും ഓഫീസ് അസിസ്റ്റൻറും ഇവിടെയുണ്ട്.

പാഠ്യ പാഠ്യേതര രംഗത്തും കലാസാംസ്കാരിക പ്രവർത്തനങ്ങളിലും മികച്ച നേട്ടങ്ങൾ കൈവരിക്കുന്നുണ്ടെങ്കിലും കളിസ്ഥലത്തിന്റെ അപര്യാപ്തതമൂലം കായികരംഗത്ത് ആവശ്യമായ പരിശീലനം നൽകാൻ കഴിയാത്തത് ഒരു വെല്ലുവിളിയാണ്. ജനകീയ ഇടപെടലും പൊതുജന പങ്കാളിത്തവും സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ഏറെ സഹായകമായിട്ടുണ്ട്. ഇതേ പോലെ കളിസ്ഥലത്തിന്റെ മെച്ചപ്പെടുത്തൽ വിദ്യാലയത്തിന്റെത്തന്നെ മുഖച്ഛായ മാറ്റിയെടുക്കുമെന്നതിൽ സംശയമില്ല.

**കതിർ 2K25** വിദ്യാലയത്തിന് പുത്തൻചിറകുകൾ നൽകുമെന്ന് പ്രതീക്ഷിക്കാം .

## *നേട്ടങ്ങൾ*

- **കലോത്സവ** മേളയിൽ ജില്ലാ തലത്തിൽ വരെ മത്സരിച്ച് നാടകം,ഗ്രൂപ്പ് ഡാൻസ്, നാടോടിനൃത്തം (ആരാധ്യ. സി 6ാം ക്ലാസ് ) എന്നിവയ്ക്ക് ഒന്നാം സ്ഥാനം ലഭിച്ചു. മറ്റു പരിപാടികളിൽ മികച്ച ഗ്രേഡുകൾ കരസ്ഥമാക്കി.
- **കായിക** ഇനത്തിൽ കിഡ്ഡീസ് വിഭാഗം ലോങ് ജമ്പിൽ (ആദിദേവ് 5ാം ക്ലാസ്) സ്വർണ്ണമെഡൽ നേടി. **പ്രവൃത്തിപരിചയം, ശാസ്ത്രോത്സവം** എന്നിവയിൽ മികച്ച പ്രകടനം കാഴ്ചവെച്ചു. മികച്ച ഗ്രേഡുകൾ നേടി.

- **പുഷ്പമേള, പലഹാരമേള , വിദ്യാരംഗം കലാസാഹിത്യ വേദി, ദിനാചരണങ്ങൾ** തുടങ്ങിയ വൈവിധ്യമായ പ്രവർത്തനങ്ങൾ ചെയ്യാൻ സാധിച്ചു.
- പി ടി എ യുടെ നേതൃത്വത്തിൽ സ്കൂൾ ഫണ്ടിനായി **ബിരിയാണി ചലഞ്ച്** വെച്ച് നല്ലൊരു തുക സമാഹരിച്ചു.
- മൂന്ന്നില വരുന്ന 6 ക്ലാസ് മുറിയുടെ **ഉദ്ഘാടന പരിപാടി** ബഹു.**വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി** നിർവ്വഹിച്ചു. അതിൽ മികച്ച കലാ പരിപാടികൾ കാഴ്ചവെക്കാൻ കുട്ടികൾക്ക് സാധിച്ചു.
- മുളിയാർ പഞ്ചായത്തിന്റെ നേതൃത്വത്തിൽ **നാടകക്യാമ്പ്** രണ്ട് ദിവസങ്ങളിലായി സ്കൂളിൽ നടത്തി. മുളിയാർ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിലെ അഭിനയത്തിൽ താൽപര്യമുള്ള കുട്ടികൾ പങ്കെടുത്തു.
- **എൽ എസ് എസ്** പരീക്ഷയിൽ 5 കുട്ടികളും **യു.എസ്. എസ്** പരീക്ഷയിൽ 13 കുട്ടികളും വിജയം കരസ്ഥമാക്കി.
- **ജില്ലാതല വിദ്യാരംഗം** സാഹിത്യോത്സവത്തിൽ ദേവിക ചിദാനന്ദൻ കഥാരചനയിൽ മികച്ച പ്രകടനം കാഴ്ച വെച്ചു.
- സ്കൂൾ പി ടി എ യുടെ നേതൃത്വത്തിൽ സ്കൂൽ ഹാളിന്റെ സ്റ്റേജ് നവീകരിച്ചു.

## പരിമിതികൾ

ഗണിതലാബ്, സയൻസ് ലാബ്, ജൈവ വൈവിധ്യ പാർക്ക്, ഹൈടെക് ക്ലാസ്റൂം, ലൈബ്രറി, ചുറ്റുമതിൽ, വൈദ്യുതിബെൽ എന്നിവ കാലാനുസൃതമായി മെച്ചപ്പെടേണ്ടതാണ് .

# പദ്ധതി രൂപീകരണ പ്രക്രിയ- ഘട്ടങ്ങൾ

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **Maths horizon** രസകരമായ ഗണിത പഠനവും കരചലന ശേഷികളുടെ വികാസവും | ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നതിലൂടെ കുട്ടികളിൽ ഗണിതാഭിരുചി വർദ്ധിപ്പിക്കാൻ ശിൽപശാല സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്നോ രണ്ടോ തവണ | ഗണിതാധ്യാപകർ ഗണിത ക്ലബ് ലീഡർ | 5000 |

| | | | | |
|---|---|---|---|---|
| **ഗണിതലാബ് രൂപീകരിക്കൽ** ഗണിതപഠനം കൂടുതൽ മധുരമാക്കൽ | ഗണിതത്തിൽ പ്രാവിണ്യമുള്ള അധ്യാപകർ എല്ലാ കുട്ടികൾക്കും പങ്കാളിത്തം നൽകിക്കൊണ്ട് ക്ലാസ് കൈകാര്യം ചെയ്യുന്നു. | | Subject council | 10000 |
| **ഐ. ടി സാധ്യതകളിലൂടെഗണിതം** ഐ.ടി. യിലൂടെ കൂടുതൽ സുഗമമാക്കുന്നു. | Geogebra Software പരിചയപ്പെടുത്തുന്നജ്യാമിതീയ ആശയങ്ങൾ ജിയോജിബ്ര യിലൂടെ കുട്ടികളിൽ എത്തിക്കുന്നു. | മാസത്തിൽ രണ്ട് തവണ | ഗണിത അധ്യാപകർ | |

## മലയാളം

മേഖല: കുട്ടികളിലെ വായനാശീലം വളർത്തുന്നതിന്.

പദ്ധതി: പാഠപുസ്തകവുമായി ബന്ധപ്പെട്ട കൂടുതൽ പുസ്തകങ്ങൾ വായിക്കാൻ അവസരം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ: | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| **മധുര വായന** 1.ക്ലാസ് ലൈബ്രറി വിപുലപ്പെടുത്തൽ | ഒരു കുട്ടി ഒരു പുസ്തകം സംഭാവന. | ജൂൺ - മാർച്ച് | വിദ്യാരംഗം കലാസാഹിത്യവേദി, | 5000 PTA |
| **2.സ്കൂൾ ലൈബ്രറി വിപുലപ്പെടുത്തൽ** | പ്രാദേശിക വായനശാലകളുമായി സഹകരിച്ചുള്ള പ്രവർത്തനം. | ജൂൺ - മാർച്ച് | PTA | |
| **3.പത്ര വായന പ്രോത്സാഹിപ്പിക്കൽ** | പത്രവായന പ്രോത്സാഹിപ്പിക്കൽ, പത്ര ക്വിസ് | ജൂൺ - മാർച്ച് | ലൈബ്രേറിയൻ പി ടി എ | Sponser ship |

## ഉച്ചഭക്ഷണം

പ്രശ്നം- വിഷരഹിത പച്ചക്കറി സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പ്രയാസം

ലക്ഷ്യം -നല്ല രീതിയിൽ ഉച്ച ഭക്ഷണം തയ്യാറാക്കി നൽകുക കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | തുക |
|---|---|---|---|---|
| 1.വിഷരഹിത | വിഷരഹിതമായ | HM, | ജൂൺ | 10000 |

| | | | | |
|---|---|---|---|---|
| മായ ഭക്ഷണം നൽകുന്നതിന ായി ആവശ്യമുള്ള പച്ചക്കറികൾ സ്കൂളുകളിൽ തന്നെ ഉൽപാദിപ്പി ക്കുക | ഭക്ഷണം നൽകുന്നതിനാവശ്യമായ പച്ചക്കറികൾ സ്കൂൾ വളപ്പിൽ തന്നെ ഉൽപാദിപ്പിക്കുക | PTA, MPTA, | മുതൽ മാർച്ച് വരെ | |
| 2. എല്ലാ ക്ലാസിലേക്കും തിളപ്പിച്ചാറ്റിയ വെള്ളം ലഭ്യമാക്കുക | തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കാനായി പാത്രങ്ങളും ഗ്ലാസുകളും ക്ലാസിലേക്ക് ലഭ്യമാക്കൽ | SSA , പഞ്ചായത്ത് | ജൂൺ മുതൽ മാർച്ച് വരെ | 10000 |

## സ്കൂൾ ആകർഷകമാക്കൽ

പ്രശ്നം -പ്രകൃതി പഠന /പരിസ്ഥിതി സൗഹൃദ പഠനാന്തരീക്ഷത്തിന്റെ അഭാവം

ഉപമേഖല -സുന്ദര ശുചിത്വ പരിസരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | തുക |
|---|---|---|---|---|
| 1.സ്കൂൾ പരിസരം | 1.പൂന്തോട്ടം നവീകരിക്കൽ ,സ്കൂൾ | Eco club | June to March | 5000 |

| | | | | |
|---|---|---|---|---|
| ശുചിത്വ സുന്ദരവും ആസ്വാദ്യവുമായാൽ കുട്ടികളുടെ മാനസിക ശാരീരിക ആരോഗ്യം വർദ്ധിക്കും | പരിസരത്തെ ചെടികൾ സംരക്ഷിക്കൽ, ചട്ടികളിലെ ചെടികൾ വളമിട്ട് സംരക്ഷിക്കൽ, ചെടികൾ നട്ടുപിടിപ്പിക്കൽ, ഔഷധ ചെടികൾ വച്ചുപിടിപ്പിക്കൽ | | | |
| 2.കുട്ടികളുടെ പാർക്ക് പാർക്ക് നിർമ്മാണം | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് കളിപ്പാർക്ക് നിർമ്മിക്കൽ | SMC , പഞ്ചായത്ത് | 2025 - 26 അധ്യയന വർഷത്തിനുള്ളിൽ | 500000 |

# ആരോഗ്യ കായിക വിദ്യഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | തുക |
|---|---|---|---|---|
| ശാരീരിക മാനസിക ആരോഗ്യം വർദ്ധിപ്പിക്കൽ | 1.ലഘുവ്യായാമങ്ങൾ,കളികൾ, നിർമ്മാണങ്ങൾ എന്നിവയിൽ അധ്യാപകർക്ക് പരിശീലനം നൽകുന്നു<br>2.ആഴ്ചയിൽ രണ്ട് പിരിയഡ് | ക്ലാസ് ടീച്ചർ ഹെഡ്മാസ്റ്റർ | ജൂൺ മുതൽ മാർച്ച് വരെ | 10000 |

| | | | | |
|---|---|---|---|---|
| | വീതം കായിക പരിശീലനവും പ്രവർത്തിപരിചയവും നൽകുന്നു.<br>3.ആരോഗ്യ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു<br>4.ആഴ്ചയിൽ ഒരു ദിവസം ഡ്രൈ ഡേ ആചരിക്കൽ<br>5.ആരോഗ്യ മേഖലയിലെ വിദഗ്ധരുടെ സേവനം ലഭ്യമാക്കൽ | | | |
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം | | | 5000 |

## കലാവിദ്യാഭ്യാസം

പ്രശ്നം:കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തമില്ല, താൽപര്യമുള്ള കലാപഠനത്തിന് സ്കൂളിൽ അവസരമില്ല.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | തുക |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും താൽപര്യമുള്ള കലാരൂപം പഠിക്കുന്നതിന് അവസരമൊരുക്കുക. കലാധ്യാപകരുടെ നിയമനത്തിനായി സർക്കാരിൽ ശ്രദ്ധ ചെലുത്തുക | സംഗീത ഉപകരണം പ്രാദേശിക ചരിത്രരചന സ്കൂൾ റേഡിയോ | SRG | ആവശ്യാനുസരണം | PTA |
| 2.അധ്യാപകർക്ക് സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കൽ | പാഠഭാഗത്തെ അടിസ്ഥാനമാക്കിയുള്ള സർഗാത്മക പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള വേദി സൃഷ്ടിക്കൽ | വിദ്യാരംഗം ക്ലബ്ബ് | ആവശ്യാനുസരണം | PTA |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | തുക |
|---|---|---|---|---|
| 1.ഇന്ത്യയുടെയും കേരളത്തിന്റെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മനസ്സിലാക്കുക | 1 **അറിയാം വരയാം** കേരളത്തിന്റെയും ഇന്ത്യയുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ | സാമൂഹ്യശാസ്ത്ര അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ | |

| | | | | |
|---|---|---|---|---|
| | മനസ്സിലാക്കി ഭൂപടം നിർമ്മിക്കുന്നു | | | |
| 2.പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | 2.അഭിമുഖങ്ങൾ സന്ദർശനങ്ങൾ മറ്റു ചരിത്ര സ്രോതസ്സുകളുടെ നിരീക്ഷണം | സാമൂഹ്യ ശാസ്ത്ര അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ | 5000 |
| 3.ജനാധിപത്യ സമീപനം രൂപപ്പെടുത്തുക. | 3. മോക്ക്പാർലമെന്റ് നടത്തുന്നു. | സാമൂഹ്യ ശാസ്ത്ര അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ | |
| 4 .കുട്ടികൾക്കും അധ്യാപകർക്കും അവരുടെ സർഗ്ഗശേഷി മെച്ചപ്പെടുത്താനുള്ള അവസരം ഒരുക്കുക | 4. ദിനാചരണങ്ങൾ വാർഷികാഘോഷങ്ങൾ നടത്തുന്നു. | സാമൂഹ്യ ശാസ്ത്ര അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ | |
| 5.സഹജീവികളോട് സമഭാവന വളർത്തിയെടുക്കാനുള്ള മനോഭാവം സൃഷ്ടിക്കുക | **5. നന്മ മരം** മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ അർഹതപ്പെട്ടവർക്ക് എത്തിച്ചുകൊടുക്കുന്നു. | സാമൂഹ്യ ശാസ്ത്ര അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ | PTA |
| 6.ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ, | **6.നേർച്ചകാഴ്ച** പ്രകൃതി ദുരന്തങ്ങളുടെ | സാമൂഹ്യ ശാസ്ത്ര | ജൂൺ മുതൽ | |

| | | | | |
|---|---|---|---|---|
| രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുക | തീവ്രതയെ കുറിച്ച് ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അധ്യാപിക | മാർച്ച് വരെ | |

# അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം - |
|---|---|---|---|---|
| 1.ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **1.കണ്ടറിയാനൊരു യാത്ര**<br>-ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം<br>-കാവുകൾ സന്ദർശിക്കൽ<br>- പുഴയെ അറിയാൻ<br>**2.പരീക്ഷണക്കളരി**<br>- നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉൾപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങൾ, പരീക്ഷണ കിറ്റുകൾ | ശാസ്ത്രാധ്യാപകർ, ശാസ്ത്രക്ലബ്ബ് | ജൂൺ മുതൽ | PTA, രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| 2.ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനം മെച്ചപ്പെടുത്തുക | നിർമ്മിക്കുന്ന കുറിപ്പുകൾ തയ്യാറാക്കുന്നു<br><br>ICT യുടെസഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | പരിസ്ഥിതി ക്ലബ്ബ് ശാസ്ത്രാധ്യാപകർ | ജൂൺ മുതൽ | SRG, രക്ഷിതാക്കൾ |

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം<br>- |
|---|---|---|---|---|
| രാഷ്ട്രഭാഷ | ഹിന്ദിക്ലബിന്റെ | ഹിന്ദി | ജൂലൈ മുതൽ | PTA |

| | | | | |
|---|---|---|---|---|
| ശ്രേഷ്ഠഭാഷ- ഹിന്ദി പഠനം കാര്യക്ഷമമാക്കൽ. പ്രേംചന്ദ് ജയന്തി, ഹിന്ദി വാരാചരണം | ആഭിമുഖ്യത്തിൽ പ്രേംചന്ദ് ജയന്തി, ഹിന്ദി വാരാചരണം എന്നിവ സംഘടിപ്പിക്കുന്നു. ഹിന്ദിയിൽ പതിപ്പുകൾ തയ്യാറാക്കൽ | ക്ലബ്, ഹിന്ദി ടീച്ചർ | സെപ്തംബർ വരെ | |
| 5,6,7 ക്ലാസുകളിൽ കുട്ടികളിൽ അക്ഷരബോധം ഉറപ്പിക്കൽ. ഹിന്ദി ഇഷ്ടപ്പെടാനും വായിക്കാനും എഴുതാനുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. | പുതിയ പദങ്ങൾ ,പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദിഅക്ഷരങ്ങളെ മനസ്സിലാക്കിക്കൊടുക്കൽ. ചിത്രങ്ങൾ,ചാർട്ട്, ഐ സി ടി സാധ്യത ഉപയോഗിച്ച് അക്ഷരരചന സാധ്യമാക്കൽ | ഹിന്ദി ടീച്ചർ | ജൂൺ മുതൽ ഫെബ്രുവരി വരെ. | PTA |
| ഹിന്ദി വായന | കുട്ടികളെ വായനയിലേക്കാകർഷിക്കുന്നതിനായി ഹിന്ദി ചിത്രകഥകൾ, അതിന്റെ ഡിജിറ്റൽ വിഭവങ്ങൾ പരിചയപ്പെടുത്തുക | ഹിന്ദി ടീച്ചർ | ജൂൺ മുതൽ ഡിസംബർ വരെ | 5000 |

| | | | | |
|---|---|---|---|---|
| നിത്യ ജീവിതത്തിൽ ഹിന്ദി സംസാരിക്കുന്നതി നുള്ള ഭാഷാ പരിജ്ഞാനം ഉണ്ടാക്കൽ | ആഴ്ചയിൽ ഒരു പ്രാവശ്യം ഹിന്ദി അസംബ്ലി, ഹിന്ദി കോർണർ, സ്കൂളിൽ ഹിന്ദി സംസാരിക്കാൻ ഒരു ദിനം | ഹിന്ദി ടീച്ചർ | ജൂൺ മുതൽ ഫെബ്രുവ രി വരെ | |

# ENGLISH

| Aim | Activities | Implementation | Duration | Finance |
|---|---|---|---|---|
| To encourage **Listening and Speaking** Introduce different genres (fiction, non-fiction, poetry) Enhance | Interactive story telling discussing themes, characters and plots to enhance listening skills. Debates and role-plays to improve speaking skills. Vocabulary games and exercises to build word knowledge. | English teacher | June to march | |

| | | | | |
|---|---|---|---|---|
| vocabulary. Enhance listening skills | | | | |
| To encourage **Reading** Develop basic reading, writing, listening, and speaking skills. | Interactive Reading Circles: Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels. | Language club | June to march | |
| Cultivate effective communica tion skills for various contexts | Each group reads the assigned text together and discusses key elements like plot, characters, and themes. Encourage students to take turns reading aloud and share their interpretations and reactions to the text. After discussions, each group present a summary or analysis of their assigned text to the class. Guided reading sessions | English teacher | June to march | |

| | | | | |
|---|---|---|---|---|
| | with comprehension questions. Listening comprehension exercises using audio stories. | | | |

\

# കതിർ

## Highlights

**1. Maths**

Maths Horizon (UP)

ഗണിതാഭിരുചി വർദ്ധിക്കാനും ഗണിതലാബ് വിപുലീകരിക്കാനും പഠനോപകരണ നിർമ്മാണ ശില്പശാല

ഗണിത ലോകം (LP)

കുട്ടികളിൽ സംഖ്യാബോധം വളർത്താനുള്ള പ്രവർത്തനങ്ങൾ ,
കുസൃതി കണക്കുകൾ എന്നിവ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ

**2.മലയാളം**

Daily Quiz

പൊതു വിജ്ഞാനം വർദ്ധിപ്പിക്കാൻ പ്രതിദിന പത്രക്വിസ്

( ചോദ്യം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഉത്തരം ബോക്സിൽ എഴുതിയിടാൻ ആവശ്യപ്പെടുന്നു. ഓരോ ദിവസവും വിജയിയെ പ്രഖ്യാപിക്കുന്നു)

തീം ലൈബ്രറി

പാഠഭാഗത്തെ ആശയവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ തെരഞ്ഞെടുക്കാൻ അവസരം

**3. ഇംഗ്ലീഷ്**

Learn naturally , Speak naturally(UP)

(Spoken English)- To encourage listening, Reading and speaking

Tender coconut (LP)

Talk and walk

എല്ലാ ബുധനാഴ്ചകളിലും ക്ലാസിൽ മുഴുവൻ ഇംഗ്ലീഷ് സംസാരിക്കൽ ,ക്ലാസ് ടീച്ചറും കുട്ടികളും

**4.സയൻസ്**

**ലാബ് ഒരു സുഹൃത്ത്(UP)**

പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ലഘുപരീക്ഷണങ്ങളോടുകൂടി കുട്ടികൾക്ക് കാണിച്ചു കൊടുക്കുന്നു

**മായക്കാഴ്ച്ചകൾ(LP)**

കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്താനും പരീക്ഷണങ്ങളിൽ ഏർപ്പെടാനുമുള്ള താൽപര്യം വളർത്തുന്ന ശാസ്ത്ര കൗതുകങ്ങൾ മാസത്തിലൊരിക്കൽ പരിചയപ്പെടുത്തൽ.

**5.ഹിന്ദി**

**രാഷ്ട്രഭാഷ ശ്രേഷ്ഠഭാഷ**

രാഷ്ട്രഭാഷ കൃത്യമായി എഴുതുന്നതിനും വായിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ

**6.Social**

**അറിയാം വരയാം**

ഭൂപട നിർമ്മാണം

കേരളത്തിന്റെയും ഇന്ത്യയുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മനസ്സിലാക്കി ഭൂപടം നിർമ്മിക്കുന്നു

**7.മധുരനെല്ലിക്ക 2K 25**

മലയാളത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അക്ഷരനെല്ലിക്ക 2 k 24 ന്റെ തുടർച്ചയായി വൈകുന്നേരങ്ങളിൽ അക്ഷരക്ലാസുകൾ നടത്തൽ

**8.അരങ്ങിൽ 2 K 25**

കുട്ടികളുടെ കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം

**9.നമുക്ക് കളിക്കാം ടീച്ചറോടൊപ്പം**

നാടൻ കളികളിലൂടെ കായികവും മാനസികവുമായ ഉല്ലാസം നേടിയെടുക്കുന്നു.

**10. മുറിക്കാം പഠിക്കാം** മാസത്തിലൊരിക്കൽ കരകൗശല വസ്തുക്കലുടെ നിർമ്മാണം ,പരിശീലനം

# മോണിറ്ററിംഗ്

വികസന സമിതി സമഗ്രമായി പരിശോധിക്കുകയും പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നിർണ്ണയിക്കുകയും വേണം. തുടർന്ന് വാർഷിക കലണ്ടർ തയ്യാറാക്കണം. ഒരു വർഷം നടപ്പാക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശം നിശ്ചയിക്കണം. വാർഷിക കലണ്ടറിലെ ഓരോ മാസവും വരുന്ന പ്രവർത്തനങ്ങൾ ചേർത്ത് പ്രതിമാസ കലണ്ടർ തയ്യാറാക്കണം.

വിദ്യാലയ വികസന സമിതി പ്രതിമാസം ചേർന്ന് തൽമാസത്തിൽ അത് വരെ നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തണം. ഓരോഘട്ടത്തിലും പ്രവർത്തനങ്ങളിൽ നിന്ന് വരുന്ന മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ് പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കി നടപ്പിലാക്കുകയും വേണം. എസ്.ആർ.ജി , പി.ടി.എ വിഷയസമിതികൾ വിദ്യാലയ വികസന പ്രവർത്തന പദ്ധതിക്ക് പ്രഥമ പരിഗണന നൽകണം. വിദ്യാലയത്തിലെ എല്ലാ സമിതികളുടേയും ആദ്യ അജണ്ട വിദ്യാലയ വികസന പ്രവർത്തന പദ്ധതിയുടെ അവലോകനവും ആസൂത്രണവും ആയിരിക്കണം

# ഉപസംഹാരം

ജനാധിപത്യ മതേതരത്വ മൂല്യ ബോധമുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കേണ്ടതിൽ വിദ്യാലയങ്ങൾക്കുള്ള പങ്ക് ഒഴിച്ചു കൂടാനാവാത്തതാണ്. കുട്ടികൾ ലോക സാഹചര്യങ്ങൾ അറിയുകയും അറിവുകൾ ആർജ്ജിക്കേണ്ടതുമാണ്. അതിനുതകുന്ന വിദ്യാലയാന്തരീക്ഷം ഒരുങ്ങേണ്ടതാവശ്യമാണ്. കേവലം ഒരു ദിവസമോ വർഷമോ കൊണ്ട് സാധ്യമല്ല. വരും വർഷങ്ങളിൽ നാം തയ്യാറാക്കിയ വ്യത്യസ്തങ്ങളായ

പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പ്രാവർത്തികമാക്കുന്നതിലൂടെ സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ വികസനം സാധ്യമാകുമെന്നതിൽ സംശയമില്ല.

സമൂഹത്തിൽ ക്രിയാത്മകമായി ഇടപെടുന്ന ഉത്തമ വിദ്യാർത്ഥിയെ വാർത്തെടുക്കാനുള്ള പ്രവർത്തനങ്ങൾ അതിന്റെ ലക്ഷ്യ സാക്ഷാത്ക്കാരത്തിലെത്തുമെന്ന് പ്രതീക്ഷിക്കാം.